എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങൾ

137 [962] ശ്രീ. ഷിബു ബേബിജോൺ:

" ജോണി നെല്ലൂർ:

" എ. എൻ. രാജൻ ബാബു:

" ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് കേരളത്തിൽ ഏതെല്ലാം ഏജൻസികളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള ഏജൻസികളിൽ പ്രവർത്തിക്കുന്നവരെ നിയമിക്കുന്നതിന്റെ മാനദണ്ഡം എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ആരോഗ്യമേഖലയിലെ ഏതെല്ലാം വിഭാഗങ്ങളിൽ നിന്നാണ് എയ്ഡ്സ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ജീവനക്കാരെ വിന്യസിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നത് കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയാണ്. പ്രസ്തുത സൊസൈറ്റിയെ സഹായിക്കാൻ സ്റ്റേറ്റ് മാനേജ്മെന്റ് ഏജൻസി (SMA) എന്ന സംഘടനയും പ്രവർത്തിക്കുന്നു. ഈ സംഘടനയുടെ കീഴിൽ 60 സന്നദ്ധ സംഘടനകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള ഏജൻസിയായ കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിൽ പ്രധാനമായും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടക്കുന്നത്. നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ (നാക്കോ) മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ചില തസ്തികകളിൽ പത്ര പരസ്യം നടത്തി നേരിട്ടും ആളുകളെ റിക്രൂട്ട് ചെയ്ത് നിയമിക്കാറുണ്ട്.

(സി) അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ഡെപ്യൂട്ടി ഡി.എം.ഒ. എന്നീ തസ്തികകളിലുള്ള ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ, ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ, നഴ്സുമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, ജെ.പി.എച്ച്.എൻ., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ വിഭാഗങ്ങളിൽ നിന്നുമാണ് ജീവനക്കാരെ വിന്യസിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly